# മൂശാകാലം

## വചന വിചിന്തനം

### മൂശാകാലം നാലാം ഞായർ

മത്താ 22,23-33

> പുനരുത്ഥാനത്തെ കുറിച്ച് പഠിപ്പിക്കുന്ന ക്രിസ്തു പങ്കുവയ്ക്കുന്ന ചിന്ത;
> "പുനുരുത്ഥാനത്തിൽ വിവാഹം ചെയ്യുകയോ ചെയ്തുകൊടുക്കുകയോ ഇല്ല. പിന്നെയോ, അവർ സ്വർഗദൂതൻമാരെപ്പോലെയായിരിക്കും."
> ചുരുക്കത്തിൽ, ഒന്നും സ്വന്തമാക്കാതെ എല്ലാം സ്വന്തമാക്കുന്നവരായിരിക്കും അവർ!

"ഞാൻ പിടിച്ച മുയലിന് മൂന്ന് കൊമ്പ്" എന്നു പറയുന്ന ശൈലി നമ്മളിൽ പലർക്കും ഉള്ളതാത്. എന്റെ ചിന്തകളും ആശയങ്ങളുമാണ് വലുത്. എന്റെ രീതികളും ശൈലികളും മാത്രമാണ് ശരി എന്ന് പറയുന്ന വ്യക്തികളുടെ ഗണത്തിൽ എണ്ണപ്പെടുന്നവരാണ് നമ്മളിൽ പലരും. ഇത്തരക്കാരെ കുറിച്ചാണ് വചനഭാഗത്തിലൂടെ ക്രിസ്തു സംവദിക്കുന്നത്; പുനരുത്ഥാനമില്ല എന്ന് ഉറച്ച് വിശ്വസിക്കുകയും അത് പഠിപ്പിക്കാൻ അക്ഷീണം പ്രയത്നിക്കുകയും ചെയ്യുന്ന സദുക്കായർ.

ഉത്ഥാനത്തിന്റെ സന്തോഷം അവർ സ്വർഗദൂതൻമാരെ പോലെയായിരിക്കും എന്നുള്ളതാണ്!

പുനരുത്ഥാനമില്ലെന്നു പറയുന്ന സദുക്കായർ ക്രിസ്തുവിനെ സമീപിച്ചു ചോദിക്കുകയാണ്;

"ഗുരോ, ഒരുവൻ സന്താനമില്ലാതെ മരിച്ചാൽ അവൻെറ സഹോദരൻ ആ വിധവയെ വിവാഹം ചെയ്ത് സഹോദരനു സന്താനങ്ങളെ ഉത്പാദിപ്പിക്കണമെന്ന് മോശ അനുശാസിച്ചിട്ടുണ്ട്. ഞങ്ങളുടെയിടയിൽ ഏഴു സഹോദരൻമാർ ഉണ്ടായിരുന്നു. ഒന്നാമൻ വിവാഹം ചെയ്തു. സന്താനമില്ലാതെ ഭാര്യയെ സഹോദരനു വിട്ടുകൊണ്ട് അവൻ മരണമടഞ്ഞു. ഇങ്ങനെതന്നെ രണ്ടാമനും മൂന്നാമനും; അങ്ങനെ ഏഴാമൻവരെയും. അവസാനം ആ സ്ത്രീയും മരിച്ചു. അതിനാൽ, പുനരുത്ഥാനത്തിൽ അവൾ ഈ ഏഴുപേരിൽ ആരുടെ ഭാര്യയായിരിക്കും? അവർക്കെല്ലാം അവൾ ഭാര്യയായിരുന്നിട്ടുണ്ടല്ലോ."

മാനുഷീകബുദ്ധികൊണ്ട് ദൈവത്തെ അളക്കുകയും ദൈവത്തെ പരിമിതപ്പെടുത്താൻ ആഗ്രഹിക്കുകയും ചെയ്യുന്നവർ ചോദിക്കുന്ന തികച്ചും ന്യായമായ ചോദ്യം! "വിശുദ്ധലിഖിതങ്ങളോ ദൈവത്തിൻെറ ശക്തിയോ മനസ്സിലാക്കാത്തതിനാൽ നിങ്ങൾക്കു തെറ്റുപറ്റിയിരിക്കുന്നു" എന്ന് പറഞ്ഞ് ക്രിസ്തു കൃത്യമായി ഇതിനെ കുറ്റപ്പെടുത്തുകയാണ്. ക്രിസ്തു മറുപടി പറഞ്ഞു;

"പുനരുത്ഥാനത്തിൽ അവർ സ്വർഗദൂതൻമാരെപ്പോലെയായിരിക്കും. ഒന്നും സ്വന്തമാക്കാതെ എല്ലാം സ്വന്തമാക്കുന്നവരായിരിക്കും. പിന്നെ, ഓർക്കേണ്ട കാര്യം പിതാവായ ദൈവം മരിച്ചവരുടെ അല്ല ജീവിക്കുന്നവരുടെ ദൈവമാണ്."

വചനഭാഗത്തിലൂടെ തിരുസഭാമാതാവ് ഉണർത്തുന്ന ചിന്ത; "മാനുഷീക ബുദ്ധിക്കുള്ളിൽ ദൈവത്തെ തളച്ചിടാൻ നീ പരിശ്രമിക്കാറുണ്ടോ? നിന്റെ ബുദ്ധിക്കനുസരിച്ച് ദൈവത്തെയും ദൈവീകപ്രവർത്തനങ്ങളെയും വളച്ചൊടിക്കാനും വാത്തെടുക്കാനും നീ ഉദ്യമിച്ചിട്ടുണ്ടോ?" ഉണ്ടെങ്കിൽ അത് അപകടകരമാണ്.

*തെറ്റ് പറ്റുന്നതിനുള്ള കാരണങ്ങൾ ക്രിസ്തു വ്യക്തമാക്കുന്നു; “വിശുദ്ധലിഖിതങ്ങളോ ദൈവത്തിന്റെ ശക്തിയോ മനസ്സിലാക്കാത്തതിനാൽ നിങ്ങൾക്കു തെറ്റുപറ്റിയിരിക്കുന്നു.”*

ദൈവത്തെയും ദൈവീകപ്രവർത്തനങ്ങളെയും മാനുഷീകബുദ്ധിക്കുള്ളിൽ ഉൾക്കൊള്ളിക്കുക എന്നത് അപകകരമായ ഒന്നാണ്. ദൈവത്തെയും ദൈവീകപ്രവർത്തനങ്ങളും മാനുഷീകബുദ്ധിക്ക് ഉൾക്കൊള്ളാൻ സാധിക്കില്ല. കാരണം, ദൈവം സൃഷ്ടാവും മനുഷ്യൻ സൃഷ്ടിയുമാണ്. സൃഷ്ടിയായിട്ടുള്ള മനുഷ്യന്റെ ബുദ്ധിക്കുളളിൽ ദൈവം ഒതുങ്ങിയാൽ ദൈവത്തിന്റെ വലുപ്പം ചെറുതാവുകയാണ്. ദൈവത്തിന് പരിധി നിശ്ചയിക്കുകയാണ്.

2017 ഏപ്രിൽ മാസത്തിൽ ലൂസി ഹെയ്‌ലൻ എന്ന അമേരിക്കൻ സ്വദേശിയായ സ്ത്രീ ഇൻസ്റ്റഗ്രാമിൽ പങ്കുവെച്ച ചിത്രം ഏവരുടെയും ശ്രദ്ധ പിടിച്ച് പറ്റി. കാരണം, ദൈവത്തെ വെല്ലുവിളിക്കുന്ന ഒരു ചിത്രത്തിന്റെ ക്ലൈമാക്സാണ് അവർ പ്രദർശിപ്പിച്ചത്. കുടുംബത്തിൽ മൂന്ന് കുഞ്ഞുങ്ങൾ പിറന്നതോടെ ഇനി കുഞ്ഞുവേണ്ട എന്നുള്ള ആഗ്രഹത്തോടെ ദൈവത്തെയും ദൈവീകപദ്ധതിയെയും അവഗണിച്ചതിന്റെ ക്ലൈമാക്സ്.

ആദ്യം ഞെട്ടൽ... പിന്നെ പൊട്ടിച്ചിരി... ഇങ്ങനെയായിരുന്നു “ഡസ്റ്റർ” എന്ന കുഞ്ഞിന്റെ ജനനം ആശുപത്രിയിലെ ഡോക്ടർമാരും ബന്ധുക്കളും ആസ്വദിച്ചത്. ഒരു സസ്പെൻസൻസ് ത്രില്ലർ ചിത്രം പോലെ. ലൂസി ഹെയ്‌ലൻ എന്ന അമേരിക്കൻ സ്വദേശിയായ സ്ത്രീ ഇൻസ്റ്റഗ്രാമിൽ പങ്കുവെച്ച ചിത്രം കണ്ടാണ് പലരും കുഞ്ഞു വാവയുടെ കൈകളിലേക്കു സൂക്ഷിച്ചു നോക്കിയത്. കുഞ്ഞിന്റെ ചിത്രം പങ്കുവെച്ചു കൊണ്ട് ലൂസി പറയുതിങ്ങനെ;

“കുടുംബത്തിൽ മൂന്നു കുഞ്ഞുങ്ങൾ പിറതോടെയാണ് ഇനിയും കുട്ടികൾ വേണ്ട എന്ന തീരുമാനമെടുത്തത്. ഭർത്താവിന്റെ അനുവാദത്തോടെ ഒരു ഗർഭനിരോധന ഉപകരണം ശരീരത്തിൽ നിക്ഷേപിച്ചു. അഞ്ചുവർഷത്തേക്കായാണ് ഗർഭനിരോധന ഉപകരണം ധരിച്ചത്. എന്നാൽ, ശാരീരികാസ്വസ്ഥകളെത്തുടർന്ന് പരിശോധന നടത്തിയപ്പോൾ ഗർഭിണിയാണെന്നു മനസ്സിലായി. കുടുംബത്തിൽ അപ്രതീക്ഷിതമായി ഒരു കുഞ്ഞതിഥിയെത്താൻ പോകുന്നുയെറിഞ്ഞപ്പോൾ ലൂസി മറിച്ചൊന്നും ചിന്തിച്ചില്ല. കുഞ്ഞുവാവയെ സ്വീകരിക്കാനായി ലൂസിയും ഭർത്താവും കുഞ്ഞുങ്ങളും മനസ്സൊരുക്കി. എന്നാൽ, പിറന്നു വീണ കുഞ്ഞിന്റെ കൈകളിൽ നോക്കിയപ്പോഴാണ് ലൂസി അമ്പരു പോയത്. അവന്റെ ജനനം തടയാനായി ലൂസി ധരിച്ചിരു ഗർഭനിരോധന ഉപകരണം കൈയിൽപിടിച്ചാണ് അവൻ അമ്മയിൽ നിന്നും പുറത്തേക്കു വന്നത്.

എന്തു പ്രതിരോധങ്ങളും മറികടായാലും താൻ ജനിക്കുക തന്നെ ചെയ്യും എന്ന മുഖഭാവത്തോടെ കൈകളിൽ ഗർഭനിരോധന ഉപകരണം പിടിച്ചു കിടക്കു കുഞ്ഞിന്റെ ചിത്രം ലൂസി ഇൻസ്റ്റഗ്രാമിലൂടെ പങ്കുവെച്ചു. തന്റെ ജനനത്തെ പ്രതിരോധിക്കാൻ ശ്രമിച്ച ഗർഭനിരോധന ഉപകരണത്തെ കൈയിൽ പിടിച്ച് ഒരു ജേതാവിനെപ്പോലെ അമ്മയുടെ വയറ്റിൽ നിന്നും പുറത്തു വന്ന കുഞ്ഞിനെ വെർച്വൽ ലോകം നെഞ്ചിലേറ്റി. വായിക്കുമ്പോഴും കേൾക്കുമ്പോഴും വീണ്ടും വീണ്ടും കൗതുകമുണർത്തുന്ന ഇമ്പമേകുന്ന ഒന്നണ് ഇത് എന്നതിൽ ഒരു തർക്കവും ഇല്ല. എന്നാൽ, ഇതിന്റെ പിന്നാമ്പുറത്തേയ്ക്കൊന്നു തിരിഞ്ഞ് നോക്കുക. ദൈവത്തെയും ദൈവീകപദ്ധതികളെയും മാനുഷീകബുദ്ധിയിൽ ഉൾക്കൊള്ളിക്കാൻ പരിശ്രമിച്ചതിന്റെ ക്ലൈമാക്സ് എന്തുമാത്രം വിഭിന്നമായിരുന്നുവെന്ന്. ഇത് ഓർമ്മപ്പെടുത്തുന്നത് ഒന്നുമാത്രമാണ്; “ദൈവവും ദൈവീകശക്തിയും ദൈവീകപദ്ധതിയും മനുഷ്യന്റെ ബുദ്ധിക്കും ശക്തികൾക്കും പരിധിക്കും അതീതമാണ്. കാരണം, ദൈവം സൃഷ്ടാവും മനുഷ്യൻ സൃഷ്ടിയുമാണ്.”

പുനരുത്ഥാനത്തെ കുറിച്ച് പഠിപ്പിക്കുന്ന ക്രിസ്തു ദൈവത്തെയും കുറിച്ച് പഠിപ്പിക്കുന്നുണ്ട്; "ദൈവം മരിച്ചവരുടെ അല്ല. മറിച്ച്, ജീവിക്കുന്നവരുടെ ദൈവമാണ്" എന്ന്. നമ്മുടെ ജീവിതത്തിൽ സഹനങ്ങളും സങ്കടങ്ങളും വരുമ്പോൾ ദൈവത്തോട് ചോദിക്കുന്ന പ്രധാന ചോദ്യങ്ങളിലൊന്ന്; "ദൈവത്തിനെന്താ കണ്ണില്ലേ? ഇത്രയും വലിയ സഹനം എന്തിനാ ദൈവം എന്റെ ജീവിതത്തിലേയ്ക്ക് കുടുംബത്തിലേയ്ക്ക് അയച്ചത്?" ഇവിടെയൊക്കെ നാം ദൈവത്തെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുകയാണ്. അപ്പോൾ, ക്രിസ്തു നമ്മളോട് പറയുന്നത് "ദൈവം മരിച്ചവരുടെ അല്ല. മറിച്ച്, ജീവിക്കുന്നവരുടെ ദൈവമാണ്." എല്ലാ സഹനങ്ങളുടെയും സങ്കടങ്ങളുടെയും പുറകിൽ സന്തോഷം എന്നതുപോലെതന്നെ നന്മയുടെ പദ്ധതികൾ ദൈവം ഒളിപ്പിച്ചിട്ടുണ്ടാവും. അത് മാനുഷികബുദ്ധിക്ക് ഗ്രാഹമാകണമെന്നില്ല. അതിനാൽ, ദൈവീകപദ്ധതിക്ക് സ്വയം സമർപ്പിക്കുക. ലാഭമായാലും നഷ്ടമായാലും ദൈവീകപദ്ധതികളെ ഇരുകൈയും നീട്ടി സന്തോഷത്തോടെ സ്വീകരിക്കുക.

ഒരിക്കൽ ഒരു പത്രപ്രവർത്തകൻ പ്രസിദ്ധനായ പാചകക്കാരനെ അഭിമുഖത്തിനിരുത്തി അവസാനം ചോദിച്ച ചോദ്യം ഇപ്രകാരമായിരുന്നു;

"ജീവിതത്തെക്കുറിച്ച് എന്തുപറയുന്നു?"

പാചകക്കാരൻ : "ജീവിതമോ...? അത് നാക്കിലയിൽ ദൈവംതമ്പുരാൻ വിളമ്പിയ സദ്യ! മാമ്പഴപുളിശ്ശേരി പോലെ മധുരമാം ബാല്യകാരങ്ങളും കളിക്കൂട്ടുകാരാം കായവറുവലും ശർക്കരഉപ്പേരിയും ഏറെ മധുരിക്കും യൗവനമെന്നൊരു പാലടപ്രഥമനും അവിയൽ പോലെ സമിശ്രമായ അനുഭവങ്ങളും അച്ചാർ പൊലെ നീറുന്ന ഓർമ്മകളും പപ്പടം പോലെ പൊടിയുന്ന സ്വപ്നങ്ങളും രസംപോലെ ഇടയ്ക്ക് വച്ച് കണ്ടുമുട്ടി പിരിയുന്ന സുഹൃത്തുക്കളും ചിലനേരങ്ങളിൽ ഓലൻ പോലത്തെ നിർവികാരങ്ങളും കാളൻപോലെ ആറ്റിക്കുറുക്കിയെടുത്ത അനുഭവങ്ങളും ഒടുവിലായ് കണ്ണുനീരുപ്പും... വാർദ്ധക്യമെന്ന കയ്പേറിയ കൊണ്ടാട്ടവും... മതിയായ്... ഇല മടക്കാറായ്... മടങ്ങാറായ്... സ്വന്തം വീട്ടിലേക്ക് മടങ്ങാറായി..."

"പുനരുത്ഥാനമില്ലെന്നു പറയുന്ന സദുക്കായർ..." തങ്ങളുടെ ചിന്തകൾ ശ്രേഷ്ഠമെന്ന് കരുതുന്നവർ അത് മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കാൻ വക്രബുദ്ധി ഉപയോഗിക്കുന്നു!

ക്രിസ്തു പുനരുത്ഥാനത്തെ കുറിച്ച് പഠിപ്പിക്കുമ്പോൾ ജീവിതത്തെകുറിച്ചും പഠിക്കുന്നത് നന്നായിരിക്കും. കാരണം, ഈലോകജീവിതത്തെ അനുഗ്രഹപൂർണമാകുന്നവർക്കാണ് ഉത്ഥാനത്തിൽ സന്തോഷിക്കാനും ആനന്ദിക്കാനും സാധിക്കുക. അതിനാൽ, ഈലോകജീവിത്തിൽ "ദൈവം മരിച്ചവരുടെ അല്ല; മറിച്ച്, ജീവിക്കുന്നവരുടെ ദൈവമാണ്" എന്ന ബോദ്ധ്യത്തോടെ നന്മകൾക്കൊണ്ട് സമ്പന്നമാക്കുക. ഇങ്ങനെയുള്ളവർക്ക് ഉത്ഥാനജീവിതം ആനന്ദദായകമാകും!

**"ഞാനാണ് പുനരുത്ഥാനവും ജീവനും.**
**എന്നിൽ വിശ്വസിക്കുന്നവൻമരിച്ചാലും ജീവിക്കും."**
**(യോഹ 11,25)**

---

ഫാ. ജോബി മേനോത്ത്
+91 9447777931